# ഏലിയാകാലം
## വചന വിചിന്തനം
### ഏലിയാകാലം മൂന്നാം ഞായര്‍

മത്താ 5,1-11

**ക്രിസ്തു സമ്മാനിക്കുന്ന**
**"സുവിശേഷഭാഗ്യങ്ങള്‍"**
**സ്വര്‍ഗ്ഗം സ്വന്തമാക്കാന്‍**
**ഉത്തരവും ചോദ്യവും നല്‍കുന്നത് പോലെയാണ്!**

*1 ജനക്കൂട്ടത്തെക്കണ്ടപ്പോള്‍ യേശു മലയിലേക്കു കയറി. അവന്‍ ഇരുന്നപ്പോള്‍ ശിഷ്യന്‍മാര്‍ അടുത്തെത്തി.*

പാലസ്തീനാ മുഴുവനില്‍ നിന്നുള്ളവരും ഇസ്രായേലിനെ പ്രതിനിധീകരിക്കുന്നവരുമായ ജനങ്ങളാണ് ഈശോയെ ശ്രവിക്കാന്‍ വരുന്നത്. ഈശോ ജനങ്ങളെ പഠിപ്പിച്ചോ എന്ന കാര്യം ഈ വാക്യത്തില്‍ അവ്യക്തമമെങ്കിലും, 7.28 മുതല്‍ വാക്യങ്ങളില്‍ സ്പഷ്ടമാണ്. അങ്ങനെ, ശ്രോതാക്കള്‍ ശിഷ്യരും ജനങ്ങളുമാകയാല്‍, രണ്ടു കൂട്ടര്‍ക്കും ആവശ്യമുള്ള ഒരു സാന്മാര്‍ഗ്ഗീകതയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. പൂര്‍ണരാകാന്‍ വിളിക്കപ്പെട്ടവരും അനുതാപത്തിനായി വിളിക്കപ്പെടവരും എന്ന പില്‍ക്കാലതിരിവ് ഇവിടെ കാണുന്നില്ല്. (രണ്ടു തരം ധാര്‍മ്മികത!). ഗിരിപ്രഭാഷണം ആവശ്യപ്പെടുന്ന ധാര്‍മ്മകത കഠിനമെന്നു തോന്നിയേക്കാം. അതു സ്വര്‍ഗ്ഗരാജ്യത്തെക്കുറിച്ചുള്ള വാഗ്ദാനങ്ങളില്‍നിന്നു വരുന്നതാണ്. ഈശോ ആവശ്യപ്പെടുന്ന ദൈവഹിതം അനുവര്‍ത്തിക്കപ്പെടുമ്പോള്‍, സ്വര്‍ഗ്ഗരാജ്യം യാഥാര്‍ത്ഥ്യമായിത്തീരുന്നു. ദൈവത്തില്‍ ആശ്രയിക്കുന്നവര്‍ക്ക് എല്ലാം സാധ്യമാണ്.

*ദാരിദ്രം സ്വര്‍ഗ്ഗരാജ്യത്തിന്റെ ലക്ഷണമാകുന്നത് സ്വര്‍ഗ്ഗരാജ്യത്തിനുവേണ്ടി ദാരിദ്രം സ്വന്തമാക്കുമ്പോഴാണ്...*

ഈശോ കയറുന്ന മലയുടെ പേരു പരാമര്‍ശിക്കപ്പെടുന്നില്ല ('സുവിശേഷഭാഗ്യങ്ങ ലുടെ മല' എന്ന പേരില്‍ ഒരു മല ഇന്നു കഫര്‍ണാമിലുണ്ട്). അതിനെ പ്രതീകാത്മകമായി കണ്ടാല്‍ മതി. ദൈവവെളിപാടുകളും നിയമങ്ങളും ഇസ്രായേല്‍ മക്കള്‍ക്കു വിവരിച്ചുകൊടുക്കുന്നതിനുവേണ്ടി മോശ ദൈവത്തിന്റെ മലയിലേക്കു കയറിയതുപോലെ (പുറ 19.3= മോശ ദൈവസന്നിധിയിലേക്കു കയറിച്ചെന്നു; കര്‍ത്താവ് മലയില്‍നിന്ന് അവനെ വിളിച്ചുപറഞ്ഞു; പുറ 24.18 = മോശ മേഘത്തിന്റെ ഉള്ളില്‍ കടന്നു മലമുകളിലേക്കു കയറി. പുറ 34.4 = കര്‍ത്താവു കല്‍പിച്ചതുപോലെ, മോശ അതിരാവിലെ എഴുന്നേറ്റു, കല്‍പലകകള്‍ കയ്യിലെടുത്തു മലയിലേക്കു കയറിപ്പോയി), ഈശോയും ഒരു മലയിലേക്കു കയറുന്നു. മത്തായുടെ വീക്ഷണത്തില്‍, മല പ്രാര്‍ത്ഥനയുടെയും (14.23) വെളിപാടിന്റെയും (17.1; 17.28; 17.16) പ്രബോധനത്തിന്റെയും (24.3) സ്ഥലമാണ്. ഈശോയുടെ പ്രഭാഷണം മോശയുടെ നിയമത്തെ അസാധുവാക്കുന്നില്ല. ദൈവം ഒരിക്കല്‍ മോശയിലൂടെ സംസാരിച്ചുതുപോലെ, ഇപ്പോള്‍ ഈശോയിലൂടെ സംസാരിക്കുന്നു. മോശ മലയില്‍വച്ചു നിയങ്ങള്‍ സ്വീകരിച്ചെങ്കില്‍, ഈശോ മലയില്‍വച്ചു പുതിയ നിയമങ്ങള്‍ പഠിപ്പിക്കുന്നു. പഴയനിയമം ആവശ്യപ്പെടുന്നതില്‍ വലിയ നീതിനിഷ്ഠ അഥവാ, ധാര്‍മ്മികത ഈശോ ആവശ്യപ്പെടുന്നു.

*2 അവന്‍ അവരെ പഠിപ്പിക്കാന്‍ തുടങ്ങി:*

നിയമജ്ഞരെപ്പോലെ ഇരുന്നുകൊണ്ട് ആധികാരികമായി (വായ് തുറന്ന്; പുറ 4.12; സംഖ്യ 22.28; എസെ 3.27) അവിടുന്നു പഠിപ്പിക്കുന്നു. അവിടുത്തെ പ്രബോധനം

സർവ്വാൽകൃഷ്ടാമയ സ്നേഹത്തെ കേന്ദ്രീകരിച്ചുള്ളതാണ്.

*3 ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്.*

അക്ഷരാർത്ഥത്തിൽ ദരിദ്രർ അനുഗൃഹീതരെന്നു ലൂക്കായും, ആത്മാവിൽ അഥവാ, ദൈവമുമ്പിൽ ദരിദ്രർ അനുഗൃഹീതരെന്നു മത്തായിയും കരുതുന്നു. ആരംഭത്തിൽ അനുഗൃഹീതർ (ഗ്രീക്ക് = മക്കാരിയോസ്) എന്ന വാക്ക് ദേവന്മാരെക്കുറിച്ചു മാത്രം പറഞ്ഞിരുന്നു. പിന്നീട് 'ഭാഗ്യവാൻ' എന്ന അർത്ഥത്തിൽ മനുഷ്യരെക്കുറിച്ചു പറഞ്ഞുതുടങ്ങി. തങ്ങൾ ദൈവമുമ്പിൽ 'ആത്മാവിൽ ദരിദ്രർ.' അവർ എല്ലാ ആവശ്യങ്ങളിലും ദൈവത്തിൽ ആശ്രയിക്കുന്നു. സാമ്പത്തികമായി അവർ ദരിദ്രരോ സമ്പന്നരോ ആവാം. ഈ ആത്മീയ ദാരിദ്ര്യം പഴയനിയമത്തിൽ വേരൂന്നിയിട്ടുള്ളതാണ് (സങ്കീ 34.37; 69.13). ഈശോയുടെ കാലത്ത് അങ്ങനെയുള്ള ദരിദ്രരുണ്ടായിരുന്നു (ലൂക്കാ 1.46-55). ഈശോ ദരിദ്രരോടാണ് സുവിശേഷം പ്രസംഗിക്കുന്നത് (ലൂക്കാ 4.18; ഏശ 61.1). സ്വർഗ്ഗരാജ്യം സ്വന്തശക്തിയാൽ നേടാൻ കഴിയുന്നില്ലെന്നു മനസ്സിലാക്കി, ഒരു ദാനമെന്നനിലയിൽ സ്വീകരിക്കാൻ ഒരു യാചകനെപ്പോലെ ദൈവമുന്നപിൽ നിലക്കൊളുന്നവനാണ് ആത്മാവിൽ ദരിദ്രൻ. ശിശുക്കളെപ്പോലുള്ളവരുടേതാകുന്നു സ്വർഗ്ഗരാജ്യം (18.1) എന്ന പ്രസ്താവനിയലും ഈ ആശയം കാണാൻ കഴിയും.

*4 വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും.*

നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും സ്വർഗ്ഗരാജ്യത്തിനു വേണ്ടിയുള്ള വിശപ്പും ദാഹവുമാണ്

ദുഃഖിതർ പ്രാപിക്കാനിരിക്കുന്ന ആശ്വാസത്തെക്കുറിച്ചു ലൂക്കാ സുവിശേഷനും പരാമർശിക്കുന്നു (ലൂക്കാ 6.21) അവർ ആശ്വസിപ്പിക്കപ്പെടും എന്ന കർമ്മിണിപ്രയോഗത്തിന്റെ പിന്നിൽ ദൈവത്തെയാണു കാണുക. ദൈവം അവരെ ആശ്വസിപ്പിക്കും. ദൈവം ദുഖത്തെ ആഹ്ലാദമായി മാറ്റും എന്ന സങ്കല്പം പഴയനിയമത്തിൽ വേരൂന്നിയിട്ടുള്ളതാണ് (ഏശ 40.1 = ദൈവം അരുളിച്ചെയ്യുന്നു; ആശ്വസിപ്പിക്കുവിൻ; എന്റെ ജനത്തെ ആശ്വസിപ്പിക്കുവിൻ... അവളുടെ അടിമത്തം അവസാനിച്ചു; അവളുടെ തിന്മകൾ ക്ഷമിച്ചിരിക്കുന്നു). ജറുസലേം നശിച്ചിന്റെ പേരിൽ ആത്മീയദുഖം അനുഭവിക്കുന്നവരാണ് അവിടെ ആശ്വസിപ്പിക്കപ്പെടുന്നത്. ജറുസലേമിനെക്കുറിച്ചു കരയുന്നവരുടെ സ്ഥാനത്ത് ഒരു പക്ഷേ, മത്തായി കാണുന്നത് സ്വന്തം പാപങ്ങളെക്കുറിച്ചു കരയുന്നവരെയാവാം. 'പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിക്കുന്നു' (4.17) ഈശോയെപ്രതി കരയുന്നവരാവാം ആശ്വസിപ്പിക്കപ്പെടുന്നത്. ഈശോയുടെ വരവിനും ദൈവരാജ്യത്തിനുമിടയ്ക്കു ദുഃഖമുണ്ടാകും. കാരണം ഈശോ അവരിൽനിന്ന് എടുക്കപ്പെടും.

*5 ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി അവകാശമാക്കും.*

ഇവിടെ കാണുന്ന ആനുഗ്രഹാശംസ സങ്കീ 37.11-ാം വാക്യവുമായി ബന്ധപ്പെട്ടു കാണുന്നു. 'സാന്തശീലർ ഭൂമി കൈവശമാക്കും; ആനന്ദത്തികവിൽ അവർ ആഹ്ലാദിക്കും. 'സാന്തശീലർ തീവ്രവാദികളല്ല. അക്രമത്തെ സമചിത്തതയോടെ സഹിക്കുന്നവരാണ്. മിശിഹായെപ്പോലെ, മർദ്ദനങ്ങൾ സഹിക്കുന്നവർ ശാന്തശീലരാണ്. ഭാരം വഹിക്കുന്നവരെ, ക്ലേശങ്ങൾ സഹിക്കുന്നവരെ ഈശോ ആശ്വസിപ്പിക്കും (11.29) സഖ 9.9-ാം വാക്യമനുസരിച്ച്, ജറുസലേമിൽ പ്രവേശിക്കുന്ന രാജാവു ശാന്തശീലനാണ്. "ഇതാ നിന്റെ രാജാവ് വിനീതനായി, കഴുതപ്പുറത്തു കയറി വരുന്നു."

മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽക്കാരുടെ അന്ത്യലക്ഷ്യമായിരുന്നു നാടു കൈവശമാകാകുക എന്നത് (നിയ 1.8; 29; 39; 2.3). ഏശയ്യയുടെ ഗ്രന്ഥത്തിൽ, നാടു കൈവശമാക്കുക എന്നത് അന്ത്യകാലത്തേയ്ക്കുള്ള വാഗ്ദാനമാണ് (ഏശ 57.13= എന്നെ ആശ്രയിക്കുന്നവൻ ദേശം കൈവശമാക്കും; അവർ എന്റെ ദേശത്തെ അവകാശപ്പെടു

ത്തും). റോമാ 4.13-ാം വാക്യമനുസരിച്ച്, അബ്രാഹവും സന്തതികളും ലോകത്തിന്റെ അവകാശികളാണ്. മത്തായിയുടെ വീക്ഷണത്തിൽ, ഭൂമി കൈവശമാക്കുക എന്നത് അന്ത്യകാല അവകാശമാണ്. ഭൂമി അർത്ഥമാക്കുന്നതു ദൈവരാജ്യമാണ്. നാടു കൈവശമാക്കുന്നതിൽ ഈസ്രായേൽക്കാർ സൗഭാഗ്യം കണ്ടെത്തിയതുപോലെ, ദൈവരാജ്യം കൈവശമാക്കുന്നതിൽ വിശ്വാസികൾ സൗഭാഗ്യം കണ്ടെത്തുന്നു.

*6 നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ; അവർക്കു സംതൃപ്തി ലഭിക്കും.*

അക്ഷരാർത്ഥത്തിൽ വിശക്കുന്നരെക്കുറിച്ചു ലൂക്കായും (6.21) നീതിക്കുവേണ്ടി വിശക്കുന്നരെയും ദാഹിക്കുന്നരെയുംകുറിച്ച് മത്തായിയും പ്രതിപാദിക്കുന്നു. നീതിക്കുവേണ്ടി പീഡസഹിക്കുന്നരെക്കുറിച്ചു 10-ാം വാക്യവും പ്രതിപാദിക്കുന്നു. വിശക്കുകയും ദാഹിക്കുകയും ചെയ്ത ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽവച്ച് അപ്പവും വെള്ളവും ലഭിച്ചു (സങ്കീ 107.4-9). അവ ഭാവികരക്ഷയുടെ പ്രതീകങ്ങളായിരുന്നു. വിശക്കുന്നരെയും ദാഹിക്കുന്നരെയും തൃപ്തരാക്കുക എന്നത്, അന്ത്യകാലരക്ഷയുടെ പ്രത്യേകതയാണ് (ഏശ 41.17 = ദരിദ്രരും നിരാലംഭരും ദാഹിച്ചു ജലം അന്വേഷിക്കുമ്പോൾ, മലകളിൽ നദികളും താഴ്‌വരകളിൽ ഉറവകളും ഉണ്ടാക്കി ഞാൻ അവരുടെ ദാഹം തീർക്കും; ഏശ 49.10= അവർക്ക് വിശക്കുകയോ ദാഹിക്കുകയോയില്ല. കാരണം, അവരോടു ദയയുള്ളവൻ അവരെ നയിക്കും). 'നീതിക്കുവേണ്ടി, എന്നെതിന്റെ അർത്ഥം അന്ത്യകാലരക്ഷയ്ക്കുവേണ്ടി' എന്നാവാം. പാപികളായ മനുഷ്യർ ആ ദാനം ലഭിക്കാൻ ആഗ്രഹിക്കുന്നു. മത്തായിയുടെ വീക്ഷണത്തിൽ, നീതിക്കുവേണ്ടി വിശക്കുന്നവർ നീതിനിഷ്ഠയ്ക്കുവേണ്ടി പരിശ്രമിക്കുന്നവരാവാം. ദൈവം ഈശോയിലൂടെ വെളിപ്പെടുത്തുന്ന വലിയ നീതിനിഷ്ഠയെക്കുറിച്ചാണ് 5.20-48 വരെ വാക്യങ്ങളൽ പ്രതിപാദിക്കുന്നത്. മത്തായിയുടെ വീക്ഷണത്തിൽ, മാനുഷികപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ദൈവം നൽകുന്ന രക്ഷയാണു നീതി. അതിനായി മനുഷ്യർ ശ്രമിക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗരാജ്യസങ്കല്പം കൃപയെയും ശ്രേഷ്ഠമായ ധാർമ്മകതയെയും ഒന്നിച്ചു കാണുന്നു. രക്ഷ ദൈവത്തിന്റ ദാനമാണ്. എന്നൽ അതു ധാർമ്മികതയുടെ ഫലം കൂടിയാണ്.

ദൈവത്തെ കാണുമെന്ന് ക്രിസ്തു ഉറപ്പ് നൽകുന്നത് ഒറ്റകൂട്ടർക്കുമാത്രമാണ്, ഹൃദയശുദ്ധിയുള്ളവർ!

*7 കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും.*

കരുണയുള്ളവർക്കു കരുണ; ദൈവം കരുണ്യവാനാണ്. സങ്കീർത്തനങ്ങൾ ദൈവത്തിന്റെ കരുണയെ പുകഴ്ത്താൻ കാരണമതാണ്. സുവിശേഷങ്ങൾ ഈശോയെ കരുണയുള്ളവനായി ചിത്രീകരിക്കുന്നു. 'എന്റെമേൽ കരുണയുണ്ടാകണമേ' എന്ന് അപേക്ഷിച്ചവരോട് അവിടുന്നു കരുണ കാട്ടി (13.22; 17.15). അലഞ്ഞു നടന്ന ജനക്കൂട്ടത്തോട് അവിടുത്തേക്ക് അനുകമ്പയുണ്ടായി (9.36; 14.14; 15.32). മനുഷ്യർ കരുണയില്ലാതെ പ്രവർത്തിക്കുന്നതു കണ്ടപ്പോൾ, 'ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6.6) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ടു ഈശോ തന്റെ നിലപാടു വ്യക്തമാക്കി (9.13; 12.7). നിയമാനുഷ്ഠാനങ്ങൾക്ക് അമിതപ്രാധാന്യം കൊടുക്കുന്നതിനെതിരേയുള്ള നിലപാടാണിത്.

മനുഷ്യർ കരുണയുള്ളവരായിരിക്കണമെന്ന ആഹ്വാനമാണ് മത്തായിയുടെ സുവിശേഷത്തിൽ കാണുക. മനുഷ്യന്റെ പ്രവർത്തനത്തിനു തക്ക പ്രതിഫലം ദൈവത്തിന്റെ ഭാഗത്തുനിന്നുണ്ടാകും. നന്മയ്ക്കു പകരം നന്മ, തിന്മയ്ക്കു പകരം തിന്മ എന്ന ആശയം പൗലോസിന്റെ ലേഖനങ്ങളിലും കാണുന്നുണ്ട് (1 കോറി 3.17= ദൈവത്തിന്റെ ആലയം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും; എന്തെന്നാൻ, ദൈവത്തിന്റ ആലയം വിശുദ്ധമാണ്. അതു നിങ്ങൾ തന്നെയാണ്). കരുണയില്ലാത്തവരോടും ദൈവവും കരുണ കാട്ടുകയില്ലെന്ന് കഠിനഹൃദയനായ ദാസന്റെ ഉപമ സ്പഷ്ടമാക്കുന്നു (18.23-356). ആവശ്യത്തിൽ കഴിയുന്നവരെ സഹായിക്കുന്നവർ അനുഗൃഹീതരുടെ ഗണത്തിൽപ്പെടുമെന്നു യുഗാന്ത്യ

പ്രഭാഷണവും സ്പഷ്ടമാക്കുന്നു (25.31-46).

*8 ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും.*

ശുദ്ധഹൃദയർക്കു ദൈവദർശനം: ശുദ്ധഹൃദയം അർത്ഥമാക്കുന്നതു ചാരിത്രശുദ്ധിയല്ല, ശുദ്ധമനസാക്ഷിയാണ്. ദൈവദർശനത്തിനായി ദേവാലയത്തിൽ പ്രവേശിച്ചവരിൽനിന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഗുണമാണത് (സങ്കീ 15.2-4; 24.3...). ദൈവത്തോടും മനുഷ്യരോടും വഞ്ചന കാട്ടാതെ, വിശ്വസ്തത പുലർത്തുന്നവരാണ് ശുദ്ധഹൃദയർ. ദൈവദർശനം അന്ത്യകാലരക്ഷയിൽപ്പെട്ടതാണ്; ക്രിസ്തീയ പ്രതീക്ഷയുടെ ഭാഗമാണ് (1 കോറി. 13.12 = ഇപ്പോൾ കണ്ണാടിയിലൂടെ എന്നപോലെ അവ്യക്തമായി നാം കാണുന്നു; അപ്പോൾ, മുഖാഭിമുഖം ദർശിക്കും; 1 യോഹ. 3.2 = അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവന്റെ സാദൃശ്യത്തിൽ ആയിരിക്കും; അവൻ ആയിരിക്കുന്നതുപോലെ, അവനെ നാം കാണുകയും ചെയ്യും; ഹെബ്രാ 12.14= വിശുദ്ധി പ്രാപിക്കാതെ ആർക്കും നമ്മുടെ കർത്താവിനെ കാണുക സാധ്യമല്ല). ബലിയർപ്പണത്തിന് ആന്തരീകശുദ്ധത ആവശ്യമായിരിക്കുന്നതുപോലെ (5.33...), ദൈവദർശനത്തിനും ആവശ്യമായിരിക്കുന്നത് ബാഹ്യശുദ്ധതയല്ല, ആന്തരീകശുദ്ധതയാണ് (15.1-20; 23.25...). മോശയക്ക് അദൃശ്യനായിരുന്ന ദൈവത്തെ, യുഗാന്തയ്ത്തിൽ മുഖാഭിമുഖം ദർശിക്കാൻ കഴിയുമെന്ന് യഹൂദമതവും ക്രിസ്തുമതവും വിശ്വസിക്കുന്നു.

*9 സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ മാരെന്നു വിളിക്കപ്പെടും.*

> ദൈവപുത്രരെന്ന് ദൈവം വിളിക്കുന്നവരുടെ ഏറ്റവും വലിയ നന്മ അവർ സമാധാനം സ്ഥാപിക്കുന്നവരായിരിക്കും എന്നുള്ളതാണ്!

സമാധാനസ്ഥാപകർ ദൈവപുത്രർ: പഴയനിയമം രാജാക്കന്മാരെയും നീതിമാന്മാരെയും 'ദൈവപുത്രൻമാർ' എന്നു വിളിച്ചിരുന്നു. യഹൂദസാഹിത്യത്തിൽ, സമാധാനസ്ഥാപനം മിശിഹായുടെ ദൗത്യത്തിൽ പെടുന്നു. സമാധനാത്തിന്റെ രാജാവെന്ന നിലയിലാണ് ഈശോ ജറുസലേമിൽ പ്രവേശിക്കുന്നത് (21.1...).

സമാധാനം (ഷാലോം) അഥവാ, രക്ഷ സ്ഥാപിക്കാൻ മിശിഹായ്ക്കുമാത്രമേ സാധിക്കു. അതാശംസിക്കാൻ ശിഷ്യർക്കു കഴിയും (10.13). രക്ഷയുമായി ബന്ധപ്പെട്ട ലോകസമാധാനം സ്ഥാപിക്കാൻ മനുഷ്യർക്കു കഴിയും. വീട്ടിലും നാട്ടിലും അരുരഞ്ജനം സാധ്യമാക്കാൻ മനുഷ്യൻ ശ്രമിച്ചാൽ സാധിക്കും. ഈ അനുഗ്രഹാശംസ യാക്കോ 3.18-ാം വാക്യത്തിനു സദൃശമാണ്. പ്രതികാരവും (5.28-42) ആയുധപ്രയോഗവും (26.52-54) ആവരുതെന്നു കരുതുന്ന ശിഷ്യർ ശത്രുക്കളെ സ്നേഹിക്കാനും (5.23...) മർദ്ദകർക്കു വേണ്ടി പ്രാർത്ഥിക്കാനും തയ്യാറാകണം (5.44...).

5.44-ാം വാക്യവും ദൈവപുത്രസ്ഥാനം വാഗ്ദാനം ചെയ്യുന്നു. 10-12 വരെയ വാക്യങ്ങളിൽ കാണുന്നതുപോലെ, അവിടെയും ശത്രുക്കളെയും മർദ്ദകരെയും കുറിച്ചാണ് പ്രതിപാദ്യം. സഭാസമൂഹത്തിനു പുറത്തുള്ളവരുമൊത്തുള്ള സമാധാനസഹവർത്തിത്വമാണ് മത്തായി മുന്നിൽ കാണുന്നത്. ഹോസിയ പ്രവാചകൻ പരാമർശിക്കുന്ന ദൈവപുത്രപദവി (ഹോസി 2.1-3= അവർ ജീവിക്കുന്ന ദൈവത്തിന്റെ മക്കളെന്നു വിളിക്കപ്പെടും) ദൈവരാജ്യത്തിന്റെ സവിശേഷത എടുത്തു കാട്ടുന്നു. ആ വാഗ്ദാനം നിറവേറിയതായി ആദിമസഭ വിശ്വസിച്ചിരുന്നു (1 യോഹ 3.1). സുവിശേഷത്തിൽ കാണുന്ന അനുഗ്രഹാശംസ ഇന്നത്തെ സമാധാനസ്ഥപനശ്രമങ്ങൾക്കു മാർഗ്ഗദർശകമാണ്.

*10 നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്.*

പീഡിതർക്കു സ്വർഗ്ഗരാജ്യം: 'നീതിയെപ്രതി, എന്നെപ്രതി' (5.18), 'എന്റെ നാമത്തെ പ്രതി' (19.29) എന്നിവ അർത്ഥമാക്കുന്നത് ഒന്നുതന്നെ. 'നീതിക്കുവേണ്ടി' അഥവാ, ക്രിസ്തുവിനുള്ളവരാണെന്ന കാരണത്താൽ പീഡിപ്പിക്കുപ്പെടുന്നരുടേതാണ് സ്വർഗ്ഗരാ

ജ്യം. നീതിക്കുവേണ്ടിയുള്ള മതപീഡനം അഥവാ, ഈശോയ്ക്കും അവിടുത്തെ സുവിശേഷത്തിനും വേണ്ടിയുള്ള മതപീഡനം മത്തായിയുടെ സമൂഹത്തിന്റെ അനുഭവത്തെ അവസ്മരിപ്പിക്കുന്നു (10.23; 23.34). ഭാവികസ്വർഗ്ഗരാജ്യത്തിൽ സ്ഥാനമുണ്ടായിരിക്കേണ്ടതിന് ക്രിസ്തുശിഷ്യന്മാർ പീഡിപ്പിക്കപ്പെടുക ആവശ്യമാണ് (10.22, 24–26). മതപീഡനത്തിലാണു സുവിശേഷത്തിന്റെ ശക്തി മനസ്സിലാക്കുവാൻ സാധിക്കുക. മതപീഡനം ശിഷ്യരെ ശിഷ്യത്വത്തിൽ ഉറപ്പിച്ച് നിർത്തുന്നു (10.18...; യോഹ 15.20).

*സ്വർഗ്ഗത്തിൽ പ്രതിഫലം വലുതാക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗം നീതിക്കുവേണ്ടി പീഡകൾ സ്വന്തമാക്കുക എന്നതുമാത്രമാണ്!*

*11–12 എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.*

പീഡിതർക്കു വമ്പിച്ച പ്രതിഫലം: ഇവിടെ കാണുന്ന 'നിങ്ങൾ' എന്ന പദപ്രയോഗം മത്തായിയുടെ സമൂഹം സഹിക്കേണ്ടിവന്ന നിന്ദനങ്ങളെയും ദൂഷണങ്ങളെയും അനുസ്മരിപ്പിക്കുന്നു. പഴയനിയമത്തിലെ പ്രവാചകന്മാർ സഹിക്കേണ്ടി വന്ന പീഡനങ്ങൾ ക്രിസ്തുശിഷ്യന്മാരും സഹിക്കേണ്ടിവരുന്ന, പ്രവാചകന്മാർ പീഡിപ്പിക്കപ്പെട്ടതെക്കുറിച്ച് 23.34–36 വരെ വാക്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ദൊമീഷ്യന്റെ കാലത്ത് സഭാസമൂഹം നിന്ദനവും പീഡനവും സഹിക്കേണ്ടി വന്നു (ഹെബ്രാ. 10.32–34; 1 പത്രോ 4.12–17)).

പീഡിതർക്കും മർദ്ദിതർക്കും ആനന്ദിക്കാനും ആഹ്ലാദിക്കാനും അവകാശമുണ്ട്. കൂടുതൽ സഹിച്ചർക്ക് വലിയ സമ്മാനം ലഭിക്കുക സ്വാഭാവികമാണ്. പ്രവാചകന്മാർക്കു ലഭിച്ച വലിയ സമ്മാനത്തിന്, ഇന്നു പീഡ സഹിക്കുന്ന ശിഷ്യരും അർഹരായിത്തീരും എന്ന ആശ്വസവചനമാണ് ഇവിടെ കാണുന്നത്.

---

*കടപ്പാട്:* **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
***"സുവിശേഷ വ്യഖാനം: മത്തായി"***